"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- തിരുവണ്ണൂർ ജനകീയ സമിതി, കോഴിക്കോട്- സാഹിത്യോത്സവം 2025-ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.52/2025/TSM തീയതി,തിരുവനന്തപുരം, 01-02-2025

പരാമർശം:-
1. തിരുവണ്ണൂർ ജനകീയ സമിതി സെക്രട്ടറി, കോഴിക്കോട് ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 20.11.2024-ലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 27-01-2025 തീയതിയിലെ DOT/194/2025-M1 നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് യുനസ്കോ സാഹിത്യ നഗരമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി തിരുവണ്ണൂർ ജനകീയ സമിതിയുടെ നേതൃത്ത്വത്തിൽ 2025 ജനുവരി 25 മുതൽ സംഘടിപ്പിക്കുന്ന സാഹിത്യോത്സവത്തിന് വിനോദസഞ്ചാര വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ആയതിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് യുനസ്കോ സാഹിത്യ നഗരമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി തിരുവണ്ണൂർ ജനകീയ സമിതിയുടെ നേതൃത്വത്തിൽ 2025 ജനുവരി 25 മുതൽ സംഘടിപ്പിക്കുന്ന സാഹിത്യോത്സവത്തിന് 3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം തിരുവണ്ണൂർ ജനകീയ സമിതി ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
തിരുവണ്ണൂർ ജനകീയ സമിതി സെക്രട്ടറി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 01-02-2025 14:19:17
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്